**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6135** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | 1969 –ലെ കേരള സംസ്ഥാന സഹകരണ നിയമം, ചട്ടങ്ങൾ, സർക്കാരും, സഹകരണ സംഘം രജിസ്ട്രാറും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി, സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് അനുസൃതമായതും അംഗങ്ങളുടെയും, പൊതുസമൂഹത്തിന്റെയും സാമ്പത്തിക, സാമൂഹിക, സാംസ്കാരിക ഉന്നമനത്തിന് ആവശ്യമായ പദ്ധതികൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച് പൊതുനിയമാവലി നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച് പൊതു നിയമാവലി നിലവിലില്ല. സഹകരണ നിയമം, ചട്ടങ്ങൾ, സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായും, സംഘങ്ങൾ പ്രവർത്തിക്കുന്ന പ്രദേശത്തിന് അനുയോജ്യവും, അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ സേവനങ്ങൾ നൽകുന്ന തരത്തിലുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി നിയമാവലി പ്രകാരമുള്ള ഉദ്ദേശ ലക്ഷ്യങ്ങൾക്ക് അനുസൃതമായ പദ്ധതികൾ രജിസ്ട്രാറുടെ മുൻകൂർ അനുവാദത്തോടെ സംഘങ്ങൾക്ക് നടപ്പിലാക്കാവുന്നതാണ്. |
| (സി) | വൈപ്പിൻ മണ്ഡലത്തിലെ ഓച്ചന്തുരുത്ത് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 72 ന്റെ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ സ്വർണ്ണക്കട എന്ന നൂതന പദ്ധതി നടപ്പിലാക്കുന്നതിന് സഹകരണ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ച നിയമാവലി ഭേദഗതി എറണാകുളം ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ നിരസിക്കാനുള്ള കാരണം വിശദമാക്കാമോ? | (സി) | ആവശ്യാനുസരണം തിരിച്ചു നൽകാമെന്ന വ്യവസ്ഥയിൽ അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിച്ച് ഇടപാടുകൾ നടത്തിവരുന്ന സഹകരണ സംഘങ്ങളിൽ സ്വർണ്ണ വ്യാപാരം പോലുള്ള വിലവ്യതിയാന സാധ്യത കൂടുതലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചാൽ, ആയതുമൂലം ഉണ്ടാകാവുന്ന നഷ്ടം നിമിത്തം യഥാസമയം നിക്ഷേപകർക്ക് തുക തിരികെ നൽകാൻ കഴിയാത്ത സാഹചര്യം സംജാതമാകാൻ ഇടയുണ്ട്. കൂടാതെ ലാഭേച്ഛയേക്കാൾ അംഗങ്ങളുടെ ക്ഷേമത്തിന് പ്രാധാന്യം നൽകി പ്രവർത്തനം നടത്തുന്നവയാണ് |

| | | | |
|---|---|---|---|
| | | | സഹരണ സംഘങ്ങൾ. മേൽ സാഹചര്യങ്ങൾ പരിഗണിച്ചാണ് സഹകരണ മേഖലയിൽ സ്വർണ്ണക്കട എന്നത് നൂതന ആശയം ആണെങ്കിലും അത് നടപ്പിലാക്കുന്നതിലേക്കായി ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് സമർപ്പിച്ച നിയമാവലി ഭേദഗതി നിരസിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ